ഉത്തരം

(എ) 2005 ജൂൺ മാസത്തെ ശരാശരി വരുമാനം 77,749 രൂപയാണ്.

(ബി) അനുബന്ധമായി ചേർക്കുന്നു.†

(സി) എടതാ യൂണിറ്റിൽനിന്നും നിലവിൽ 20 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ഇവിടെനിന്നും ഇതിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോ മറ്റു സംവിധാനങ്ങളോ ഇല്ല. നിലവിലുള്ള സൗകര്യങ്ങളുപയോഗിച്ച് കഴിയുന്നത്ര കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ട്.

(ഡി) എടതാ യൂണിറ്റ് ഇപ്പോൾ ഒരു ഓപ്പറേറ്റിംഗ് സെന്റർ ആയിട്ടാണ് പ്രവർത്തിക്കുന്നത്. സബ് ഡിപ്പോ ആയി ഉയർത്താനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമൂലം ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

കോഴിക്കോട് - ബാലുശ്ശേരി റൂട്ടിൽ മിനി ബസ് ഓടിക്കാൻ നടപടി

80 [543] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടുനിന്ന് ആരംഭിച്ച് എരഞ്ഞിക്കൽ, അത്തോളി പീക്കിലോട്-നന്മണ്ട വഴി ബാലുശ്ശേരിയിലേക്ക് ഒരു മിനി ബസ് ഓടിക്കുവാൻ കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ റൂട്ടിൽ ഒരു മിനി ബസ് അനുവദിക്കുവാൻ കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) & (സി) ഈ കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്യുന്നതിന് നടപടി

81 [544] *ശ്രീ. ബിനോയ് വിശ്വം:*

" *എം. കുമാരൻ:*

" *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതുവരെ എത്ര ബസ്സുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ബസ്സുകൾ ഇൻഷ്വർ ചെയ്യേണ്ടതായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) അപകടത്തിൽപ്പെട്ട എത്ര പേർക്ക് ഇതിനകം ഇൻഷ്വറൻസ് പദ്ധതിയിൽ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി. നേരിട്ട് നഷ്ടപരിഹാരമായി എത്ര തുക ഇനി വിതരണം ചെയ്യേണ്ടതായിട്ടുണ്ടെന്നു വിശദമാക്കാമോ;

(ഇ) ഇത്തരത്തിൽ ലഭിക്കേണ്ട തുക വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല.

(ബി) ഇൻഷ്വറൻസ് പദ്ധതി നിലവിലില്ലാത്തതിനാൽ ഇപ്പോൾ ബസ്സുകൾ ഇൻഷ്വർ ചെയ്യുന്നില്ല. കെ.എസ്.ആർ.ടി.സി.യുടെ രണ്ടു വോൾവോ ബസ്സുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(സി) ഇത്തരം കേസുകളിൽ ഇൻഷ്വറൻസ് കമ്പനിക്കെതിരെയാണ് കോടതി വിധി പുറപ്പെടുവിക്കുന്നത്. ഇതനുസരിച്ചുള്ള നഷ്ടപരിഹാരം ഇൻഷ്വറൻസ് കമ്പനി നേരിട്ടാണ് നൽകുന്നത്.

(ഡി) കോടതിവിധിപ്രകാരം 19.98 കോടി രൂപ വിതരണം ചെയ്യേണ്ടതായിട്ടുണ്ട്.

(ഇ) ഉണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് പരമാവധി ശ്രമിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കഴിയുന്നതുംവേഗം കൊടുത്തുതീർക്കുന്നതാണ്.

കൊണ്ടോട്ടിയിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ആരംഭിക്കുവാൻ നടപടി

82 [545] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിൽ കെ.എസ്.ആർ.ടി.സി.യുടെ ഒരു സബ് ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly